# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2194** — **11/06/2018-ൽ മറുപടിക്ക്**

## വൈറോളജി ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) നിപ പോലുള്ള വൈറസുകൾ കേരളത്തിലെ ആരോഗ്യ മേഖലയിൽ ഭീഷണി ഉണ്ടാക്കുമ്പോൾ ഇവയുടെ സാന്നിദ്ധ്യം തിരിച്ചറിയാനും ഗവേഷണം നടത്താനുമായി മണിപ്പാൽ വൈറോളജി ലാബ് പോലുള്ള ഉന്നത നിലവാരമുള്ള ലാബുകൾ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പ്രശ്നങ്ങൾ അറിയിക്കാമോ; വിശദമാക്കുമോ? | എ) നിപ പോലുള്ള വൈറസുകളുടെ സാന്നിദ്ധ്യം തിരിച്ചറിയാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി പൂനെയുടെ (NIV) ഒരു യൂണിറ്റ് ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിപ്പാ പോലുള്ള വൈറസുകളെ തിരിച്ചറിയാനുള്ള എല്ലാവിധ ടെസ്റ്റുകൾ ഉൾപ്പെടുന്ന സജ്ജീകരണങ്ങൾ ലഭ്യമാണ്. NIV യൂണിറ്റ് ആലപ്പുഴ മെഡിക്കൽ കോളേജിൽ നിപ്പ ടെസ്റ്റ് ചെയ്യുന്നതിനുള്ള കിറ്റ്സ് ലഭ്യമാക്കാൻ കാലതാമസം ഉണ്ടായതിനാലാണ് മണിപ്പാൽ ലാബിൽ പരിശോധന ആരംഭിച്ച് അവിടെ തന്നെ ടെസ്റ്റുകൾ തുടരുകയും ചെയ്തത്.<br>ഇത്തരത്തിലുള്ള വൈറസുകളെ തിരിച്ചറിയുന്ന ടെസ്റ്റുകൾ തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയിൽ (RGCB) ലഭ്യമാണ്. 2018 അവസാനത്തോടെ തോന്നയ്ക്കലിൽ പൂർത്തീകരിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ലാബിൽ നിപ്പാ പോലുള്ള വൈറസുകളെ തിരിച്ചറിയാനും ഗവേഷണം നടത്തുവാനുമുള്ള എല്ലാവിധ സജ്ജീകരണങ്ങളും ലഭ്യമാകും. |

സെക്ഷൻ ഓഫീസർ